സ്കൂളുകളിലെ ശുചിമുറികളുടെ നിലവാരം

93 (1148) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളുടെ ശുചിമുറികൾ (ടോയ്ലെറ്റ്) നവീകരിക്കുവാനും, അവിടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, ആവശ്യത്തിന് ഇല്ലാത്തിടത്ത് നിർമ്മിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും പ്രാഥമിക രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ശുചിമുറികളുടെ നിലവാരം സംബന്ധിച്ച എന്തെങ്കിലും കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികളാവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ തയ്യാറാക്കിയിട്ടില്ല. ഹൈസ്കൂൾ തലത്തിൽ സ്കൂൾ വികസന രേഖകളിൽ ആവശ്യമായ ഭൗതീക സൗകര്യങ്ങൾ രേഖപ്പെടുത്താറുണ്ട്.

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകൾ

94 (1149) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്; അവയിൽ സർക്കാർ മേഖലയിലും എയിഡഡ് മേഖലയിലുമായി എത്രവീതം സ്കൂളുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ മേഖലയിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെല്ലാം കൂടി അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്നും എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെല്ലാം കൂടി അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്നും ഇനം തിരിച്ചു വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും, എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും അദ്ധ്യാപക ബാങ്കിൽ നിന്നും യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുകയുണ്ടായോ ; എങ്കിൽ അപ്രകാരം നിയമിക്കപ്പെട്ടവർ സർക്കാർ മേഖലയിൽ എത്രയെന്നും എയ്ഡഡ് മേഖലയിൽ എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) 2046.

സർക്കാർ മേഖല	-	816
എയ്ഡഡ് മേഖല	-	823
അൺ എയ്ഡഡ് മേഖല	-	361
സ്പെഷ്യൽ/റെസിഡൻഷ്യൽ/ടെക്നിക്കൽ സ്കൂളുകൾ	-	46

(ബി) സർക്കാർ മേഖല - 14,003

എയ്ഡഡ് മേഖല - 12,335

(സി) ഹയർ സെക്കണ്ടറി മേഖലയിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തിയിട്ടില്ല. (ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക ബാങ്ക് നിലവിലില്ല)

സംസ്ഥാനത്തെ ഹയർ സെക്കൻഡറി ബാച്ചുകൾ

95 (1150) ശ്രീ. ടി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എയ്ഡഡ് മേഖലകളിൽ എത്ര ബാച്ചുകൾ നിലവിലുണ്ട് ; പ്രസ്തുത ബാച്ചുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഓരോ ജില്ലയിലും എത്ര കുട്ടികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന വ്യക്തമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് +2 ബാച്ചുകൾ തുടങ്ങുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത് ; സ്കൂളുകളുടെ വിശദാംശം നൽകുമോ ; അവയിൽ ഏതൊക്കെ സ്കൂളുകൾക്ക് കോടതി മുഖേന ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ചെറുകുന്ന് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും +2 ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly